LIBRARY ARCHIVES Kerala Legislative Assembly

അപൂർവ്വ വൈറസ് രോഗം

*26 [326] ശ്രീ. തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപൂർവ്വ വൈറസ് രോഗം ബാധിച്ച നിരവധി രോഗികളെ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരിൽ എത്രപേർ മരണമടയുകയുണ്ടായി എന്നറിയിക്കാമോ;

(സി) മാരകമായ ഈ രോഗത്തിന് ആവശ്യമായ പ്രതിരോധ മരുന്ന് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഈ അപൂർവ്വ വൈറസ് രോഗത്തെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) അപൂർവ്വ രോഗം ബാധിച്ച 6 രോഗികളെ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവരിൽ 4 രോഗികൾ മരണമടയുകയുണ്ടായി.

(സി) വ്യത്യസ്തമായ രോഗലക്ഷണത്തോടുകൂടിയ രോഗമായതുകൊണ്ട് ഈ രോഗത്തിനു കാരണമായ അണുക്കളെ വേർതിരിച്ചു കണ്ടെത്തുവാനുള്ള പരിശോധനകൾ നടന്നുവരുന്നു.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

*27 [327] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;